കില
വാർത്താപത്രിക

VOLUME-12
ISSUE-2
FEBRUARY 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

കിലയിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു
തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **എ.സി.മൊയ്തീൻ** സംസാരിക്കുന്നു

ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്: പ്രവർത്തനോദ്ഘാടനം മന്ത്രി മൊയ്തീൻ നിർവഹിച്ചു

ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് ഉൾപ്പെടെ കിലയിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനോദ്ഘാടനം തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ നിർവഹിച്ചു. സ്ത്രീപദവിക്കെതിരെയുള്ള നിലപാട് വികസനത്തിനെതിരാണെന്നും സ്ത്രീപക്ഷ നിലപാട് സ്വീകരിക്കാതെ മുന്നോട്ടു പോകാനാവില്ലെന്നും ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു. മതവിശ്വാസിയും ദൈവവിശ്വാസിയും സ്ത്രീയെ രണ്ടാംതരക്കാരിയായി കാണരുതെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ഡോ.പി.കെ.ബിജു എം.പി. മുഖ്യതിഥിയായിരുന്നു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ തുളസിഭായി അദ്ധ്യക്ഷയായിരുന്നു. തൃശ്ശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ.മൃദുൽ ഈപ്പൻ, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ബിജു വർഗീസ്, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി, കെ.പി.അനിൽ, ഗ്രാമപഞ്ചായത്ത് മെമ്പർ കെ.എച്ച് സുഭാഷ്, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ഡോ.കെ.പി.എൻ അമൃത എന്നിവർ സംസാരിച്ചു.

ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസിനു പുറമെ ലൈബ്രറി ഓൺലൈൻ പബ്ലിക്ക് ആക്സസ് കാറ്റലോഗ്, കില ലൈബ്രറിയിലെ മലയാള സാഹിത്യവിഭാഗം, കിലയിലെ പക്ഷിനിരീക്ഷണ സംവിധാനമായ കിളിക്കൂട്, കിലയിലെ പക്ഷികളെക്കുറിച്ചുള്ള പുസ്തകത്തിന്റെ പ്രകാശനം എന്നിവയുടെ പ്രവർത്തനത്തിനാണ് തുടക്കം കുറിച്ചത്.

ലിംഗാവബോധത്തോടുകൂടിയ തദ്ദേശഭരണം സാധ്യമാക്കുന്നതിനു കിലയിൽ ആരംഭിച്ച പ്രത്യേക കേന്ദ്രമാണ് ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്. പഠനങ്ങൾ, പരിശീലനങ്ങൾ, സംവാദങ്ങൾ, ശില്പശാലകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയിലൂടെ ലിംഗനീതി ഉറപ്പാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സഹായിക്കുകയാണ് ഈ കേന്ദ്രത്തിന്റെ ലക്ഷ്യം. ലോകത്ത് എവിടെയിരുന്നും ഇന്റർനെറ്റ് സംവിധാനത്തിലൂടെ കില ലൈബ്രറിയിലെ പുസ്തകങ്ങളുടെ കാറ്റലോഗ് തെരയുന്നതിനുള്ള സംവിധാനമാണ് ഓൺലൈൻ പബ്ലിക്ക് ആക്സസ് കാറ്റലോഗ്. കിലയിൽ പരിശീലനത്തിനെത്തുന്നവർക്കും താൽപര്യമുള്ള വ്യക്തികൾക്കും കിലയിലെ പക്ഷിനിരീക്ഷണത്തിനു സൗകര്യമൊരുക്കുന്നതാണ് പക്ഷിക്കൂട്. സർവേയിൽ കണ്ടെത്തിയ 62 ഇനം പക്ഷികളും അവയുടെ വർണ്ണചിത്രങ്ങളുമടങ്ങുന്ന പുസ്തകമാണ് കിലയിലെ പക്ഷികൾ. പക്ഷികളുടെ പ്രാദേശിക നാമവും ശാസ്ത്ര നാമവും മറ്റു സവിശേഷതകളും പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുസ്തകം തയ്യാറാക്കിയ കില സെക്ഷൻ ഓഫീസർ കെ.കെ.ബാബുവിനുള്ള പ്രത്യേക ഉപഹാരം മന്ത്രി സമ്മാനിച്ചു.

തദ്ദേശസ്വയംഭരണവകുപ്പ്: വാർത്തകളും അറിയിപ്പുകളും

മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ

2017-18 വർഷത്തെ മികച്ച ത്രിതല പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവായി. ഏറ്റവും നല്ല ജില്ലാപഞ്ചായത്തിനേയും ബ്ലോക്ക് പഞ്ചായത്തിനേയും ഗ്രാമപഞ്ചായത്തിനേയും തെരഞ്ഞെടുക്കുന്നതിനുള്ള വ്യത്യസ്ത മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. അർഹതാമാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള പഞ്ചായത്തുകൾക്കു അപേക്ഷകൾ നൽകാവുന്നതും അപേക്ഷയും അർഹതാമാനദണ്ഡ പ്രകാരം നിശ്ചയിച്ച മാർക്കുകളും പരിശോധിച്ച് മികച്ച പഞ്ചായത്തിനെ തെരഞ്ഞെടുക്കുന്നതാണ്. തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ സ.ഉ. (സാധാ)159/19 തസ്വഭവ. തീയതി. 25.1.19 നമ്പർ ഉത്തരവിൽ വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സർക്കാർ മാധ്യമങ്ങളിൽ ഗാന്ധി ലോഗോ ഉൾപ്പെടുത്തണം

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് 2018 ഒക്ടോബർ 2 മുതൽ 2020 ഒക്ടോബർ 2 വരെ രണ്ടുവർഷക്കാലം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ ദേശീയ-അന്തർദേശീയ തലത്തിൽ ആചരിക്കുന്നതിനു കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്റ്റേറ്റ് റോഡ് വേയ്സ്, മെട്രോ റെയിൽ, സർക്കാർ വെബ്സൈറ്റ്, ഇ-മെയിൽ, സർക്കാർ സ്റ്റേഷനറി, കലണ്ടർ, ഡയറി, സർക്കാർ പരസ്യങ്ങൾ, പ്രസിദ്ധീകരണങ്ങൾ, സർക്കാർ കത്തിടപാടുകൾ, സർക്കാർ മാധ്യമങ്ങൾ എന്നിവയിൽ ഗാന്ധി ലോഗോ ഉൾപ്പെടുത്തേണ്ടതാണ്. ലോഗോ http//gandhi.gov.in/download.html. എന്ന യു.ആർ.ൽനിന്നു ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

നിർമ്മാണപ്രവൃത്തികൾക്കു പാർട്ട് ബിൽ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ നിർമ്മാണപ്രവൃത്തികൾക്കു പാർട്ട് ബിൽ എഴുതുന്ന രീതി അവലംബിക്കണമെന്നു പല പ്രാവശ്യം നിർദ്ദേശിച്ചിട്ടും അതു ഫലപ്രദമായി നടപ്പാകുന്നില്ല. തന്മൂലം എഞ്ചിനീയറിംഗ് പ്രോജക്ടുകളിലെ ചെലവ് തദ്ദേശസ്വയംഭരണവകുപ്പിൽ വളരെ കുറവായി കാണുന്നു. ആയതിനാൽ നിർമ്മാണപ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കു പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി പാലിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. 25.1.2019 ലെ ഡി.എ./26/19 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജോയിന്റ് സെക്രട്ടറിയാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്.

വാർഷികപദ്ധതി ഭേദഗതിക്കു സമയപരിധി ദീർഘിപ്പിച്ചു

വാർഷികപദ്ധതിയിൽ (2018-19 ലെ) അത്യാവശ്യം ചില ഭേദഗതികൾ വേണമെന്നു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2019 ഫെബ്രുവരി 8 വരെ ഭേദഗതി ചെയ്യുവാനുള്ള സമയം ദീർഘിപ്പിച്ച് നൽകിയിരിക്കുന്നു. 8.2.2019 നു മുമ്പ് അത്തരം പ്രോജക്ടുകൾ ഡി.പി.സിക്കു സമർപ്പിക്കേണ്ടത്. ഇത്തരം ഭേദഗതികൾ ആവശ്യപ്പെടുന്നതിനു 4.12.2018 ലെ എസ്.ആർ.ജി യുടെ 10/2018 ജി.1 നമ്പർ കുറിപ്പിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരിക്കണം.

കന്നുകാലികളും വളർത്തുമൃഗങ്ങളും അലഞ്ഞു നടക്കുന്നതു തടയണം

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തു പ്രദേശങ്ങളിൽ പൊതുജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്ന വിധത്തിൽ കന്നുകാലികളും മറ്റു വളർത്തുമൃഗങ്ങളും അലഞ്ഞുതിരിഞ്ഞു നടക്കുന്നതു ജനങ്ങളുടെ സ്വൈരസഞ്ചാരത്തിനും സ്വൈരജീവിതത്തിനും കൃഷിക്കും ഹാനികരമായി ബാധിക്കുന്നതായി ഒട്ടേറെ പരാതികൾ ഉണ്ട്. ആയതിനാൽ അലഞ്ഞുതിരിയുന്ന കന്നുകാലികളേയും വളർത്തുമൃഗങ്ങളേയും നിയന്ത്രിക്കുന്നതിനു ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുന്നതിനു നിർദ്ദേശം നൽകി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു. 26.11.2018 ലെ പഞ്ചായത്ത് ഡയറക്ടറുടെ പി.എ. എൻ/24693/2018 ബി.4(ഡി.പി) നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ പഞ്ചായത്തു സെക്രട്ടറിമാരും കർശനമായി പാലിക്കണമെന്നു നിർദ്ദേശിക്കുന്നു.

പാർക്കിംഗ് : ചട്ടവിരുദ്ധമായി ഉപയോഗിക്കരുത്

വാണിജ്യസ്ഥാപനങ്ങളും മറ്റുബഹുനില കെട്ടിടങ്ങളും പെർമിറ്റ് പ്രകാരം പാർക്കിംഗ് ഏരിയയായി നീക്കിവച്ചിട്ടുള്ള ഭാഗങ്ങൾ ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നേടിയ ശേഷം കെട്ടി അടച്ച് വാണിജ്യ ആവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിച്ചുവരുന്നതായി കാണുന്നു. ഇത്തരത്തിലുള്ള ദുരുപയോഗം തടയുന്നതിനു കംപ്ലീഷൻ പ്ലാനിൽനിന്നു രൂപമാറ്റം വരുത്തിയിട്ടില്ലെന്നു ഭാവിയിൽ ഉറപ്പുവരുത്തുന്നതിനു കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകനു നൽകേണ്ടതാണെന്നും അതനുസരിച്ച് നടപടികൾ സ്വീകരിക്കണമെന്നും തദ്ദേശസ്വയംഭരണവകുപ്പു നിർദ്ദേശിക്കുന്നു. (സർക്കുലർ നമ്പർ ആർ.എ.1/20/2018 തസ്വഭവ.തീയതി. 4.1.2019)

ആസ്ട്രേലിയൻ വിദ്യാർത്ഥികൾ കിലയിൽ

കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെക്കുറിച്ചും സാമൂഹിക വികസനത്തെക്കുറിച്ചും പഠിക്കുന്നതിനു ആസ്ട്രേലിയയിലെ ചാർലസ് സ്റ്റുർട്ട് സർവകലാശാലയിലെ പത്തു വിദ്യാർത്ഥികൾ കില സന്ദർശിച്ചു. കില അസോസിയേറ്റ് പ്രൊഫസർമാരായ ഡോ.ജെ. ബി.രാജൻ, ഡോ.പീറ്റർ എം. രാജ് എന്നിവർ ക്ലാസ്സെടുത്തു. ഫാക്കൽറ്റികളുമായി വിവിധ വിഷയങ്ങളെക്കുറിച്ചു സംസാരിച്ചു.

കിലയിലെത്തിയ ആസ്ട്രേലിയൻ വിദ്യാർത്ഥികൾ കില ഫാക്കൽറ്റികളുമായി സംസാരിക്കുന്നു

സംസ്ഥാന ചീഫ് സെക്രട്ടറി ടോം ജോസിൽനിന്ന് കില ഡയറക്ടർ ഡോ. ജോയ് ഇളമൺ അവാർഡ് ഏറ്റുവാങ്ങുന്നു

ഇ–ലേണിംഗ് സംസ്ഥാന അവാർഡ്: കിലയ്ക്കു മൂന്നാംസ്ഥാനം

ഇ-ഗവേണൻസിലെ നൂതനമായ പ്രവർത്തനങ്ങൾക്കു കേരളസർക്കാർ ഏർപ്പെടുത്തിയ ഇ-ഗവേണൻസ് അവാർഡിലെ ഇ-ലേണിംഗ് വിഭാഗത്തിൽ കിലയ്ക്കു മൂന്നാം സ്ഥാനം ലഭിച്ചു. ഓപ്പൺ സോഴ്സ് ആയ മൂഡിൽ (Moodle) സ്ഫോറ്റ് വെയർ പ്രയോജനപ്പെടുത്തിക്കൊണ്ട് കില വികസിപ്പിച്ചെടുത്ത ലോഗ് നെറ്റ് (Log Net) എന്ന വെബ് അധിഷ്ഠിത ലേണിംഗ് മാനേജ്മെന്റ് സമ്പ്രദായത്തിനാണ് അവാർഡ്. കില വികസിപ്പിച്ച കിലയുടെ ലോഗ് നെറ്റ് എന്ന ഇ ഗവേണിംഗ് പ്ലാറ്റ്ഫോമിലൂടെ പഞ്ചായത്ത് ഉദ്യോഗസ്ഥർക്കുവേണ്ടിയുള്ള ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസിന്റെ (DLG) രണ്ടു ബാച്ചുകൾ ഇതിനോടകം പൂർത്തീകരിച്ചു. കില അസോസിയേറ്റ് പ്രൊഫസർ ഡോ.ജെ.ബി. രാജന്റെ നേതൃത്വത്തിൽ ഡോ.ബിജു എസ്.കെ, കെ.പി.എ ഹാഷിം, ആൽജോസി. ചെറിയാൻ എന്നിവരാണ് ഡിപ്ലോമയ്ക്കുള്ള മൊഡ്യൂൾ രൂപകൽപ്പന ചെയ്തത്. ലോഗ് നെറ്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുത്തത് ഐ.ടി വിദഗ്ദ്ധനായ ഡി. ശ്രീകാന്താണ്. അപർണ്ണ, പ്രതാപ്സിംഗ്, ഫെമിന ജോയ് എന്നിവർ കോഴ്സ് കോർഡിനേറ്റർമാരായിരുന്നു. അനൂപ് സാങ്കേതിക സഹായം നൽകി. മൂന്നാമത്തെ ബാച്ച് ഡിപ്ലോമ ആരംഭിക്കാൻ പോകുന്നു. കൂടാതെ ഓഫീസ് മാനേജ്മെന്റ്, സുസ്ഥിര വികസന ലക്ഷ്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സുകളും കില വിഭാവനം ചെയ്തിട്ടുണ്ട്.

കോഴ്സ് രജിസ്ട്രേഷൻ, ഗൃഹപാഠങ്ങൾ, വിലയിരുത്തൽ, കോഴ്സ് സംബന്ധിച്ച നിർദ്ദേശങ്ങൾ, പരീക്ഷ എന്നിവ ഓൺലൈനായി നിർവഹിക്കാം എന്നതാണ് മൂഡിൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് കില വികസിപ്പിച്ച ലോഗ് നെറ്റിന്റെ പ്രത്യേകത. ഓപ്പൺ സോഴ്സ് ആയതിനാൽ ചിലവ് കുറഞ്ഞ ഈ സാങ്കേതിക വിദ്യയിലൂടെ എവിടെയിരുന്നും എപ്പോഴും പഠിക്കാം (Learn from anywhere,any time) എന്നതാണ് ഇതിന്റെ പ്രത്യേകത.

മഹാരാഷ്ട്രയിലെ ജനപ്രതിനിധികൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

മഹാരാഷ്ട്രയിലെ ജനപ്രതിനിധികൾ കിലയിൽ

മഹാരാഷ്ട്രയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന 26 അംഗ സംഘം കില സന്ദർശിച്ചു. കേരളത്തിലെ പ്രാദേശികഭരണസംവിധാനം, വികേന്ദ്രീകൃതാസൂത്രണം, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ നേരിൽ കണ്ട് മനസ്സിലാക്കുകയാണ് സന്ദർശകരുടെ ലക്ഷ്യം. കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി. കില പ്രൊഫ.ഡോ.സണ്ണി ജോർജ്, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. കേരളത്തിലെ ജനാധിപത്യവികേന്ദ്രീകരണം, പഞ്ചായത്തുകളുടെ വിഭവശേഷി, പഞ്ചായത്തുകൾക്കു കൈമാറിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, വികേന്ദ്രീകൃതാസൂത്രണം, ബാലസൗഹൃദ പ്രാദേശികഭരണം, തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു പരിശീലനം. അസോസിയേറ്റ് പ്രൊഫ.ഡോ.ജെ.ബി. രാജൻ, ഡോ.പീറ്റർ എം.രാജ്, പ്രൊഫ.ടി.രാഘവൻ എന്നിവർ നേതൃത്വം നൽകി. തൃശ്ശൂർ ജില്ലാപഞ്ചായത്ത്, മതിലകം ബ്ലോക്ക് പഞ്ചായത്ത്, എടവിലങ്ങ് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങൾ സന്ദർശിച്ചു.

കില ദിന ആഘോഷപരിപാടികൾക്കു തുടക്കം കുറിച്ച് ഡയറക്ടർ ഡോ. ജോയ് ഇളമൺ തിരി തെളിയിക്കുന്നു

കില ദിനം–2019

കില ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. കൊട്ടാരക്കരയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, അട്ടപ്പാടിയിലെ മുൻ അഹാഡ്സ്, മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടരക്കര എന്നിവിടങ്ങളിലെ ഇ.ടി.സി കേന്ദ്രങ്ങൾ എന്നിവ കിലയോടു ചേർത്തതിനുശേഷം നടത്തുന്ന ആദ്യത്തെ ദിനാഘോഷമാണ്. രാവിലെ കായിക മത്സരങ്ങളോടെ ആഘോഷപരിപാടികൾക്കു തുടക്കം കുറിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. സാജൻ പീറ്റർ മത്സരങ്ങൾക്കു നേതൃത്വം നൽകി. വൈകീട്ട് നിലവിളക്കു കൊളുത്തി കലാപരിപാടികൾക്കു തിരി തെളിച്ചു. കില ഡയറക്ടർ അദ്ധ്യക്ഷനായിരുന്നു. സെക്ഷൻ ഓഫീസർ ഓഫീസർ കെ.കെ. ബാബു സംസാരിച്ചു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദുബെന്നി, വൈസ് പ്രസിഡന്റ് സുഭാഷ്, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിജു വർഗ്ഗീസ് എന്നിവർ ആശംകളർപ്പിച്ചു. കിലയുടെ അഞ്ചുകേന്ദ്രങ്ങളിലെ മേഖലാ മേധാവികളും ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിച്ചു.

സമാനച്ചടങ്ങിൽ കില ഡയറക്ടർ മത്സരവിജയികൾക്കു ട്രോഫികൾ സമ്മാനിച്ചു. കെ.വിനോദ്, രാമനാഥൻ, കെ.കെ ശിവാനന്ദൻ, ഒ.എസ്. മിറാഷ്, തുടങ്ങിയവരടങ്ങുന്ന സംഘാടകസമിതി ആഘോഷപരിപാടികൾക്കു നേതൃത്വം നൽകി.

കായിക മത്സരങ്ങൾക്കു തുടക്കം കുറിച്ചുള്ള ഷൂടൗട്ട് മത്സരങ്ങൾ

കിലയിലെ കുടുംബശ്രീ കാന്റീൻ ജീവനക്കാർ അവതരിപ്പിച്ച നൃത്തം

കില ജീവനക്കാർ അവതരിപ്പിച്ച തിരുവാതിരകളി

കില കൊട്ടാരക്കര സി.എച്ച്.ആർ.ഡിയിലെ ജീവനക്കാർ അവതരിപ്പിച്ച തിരുവാതിരകളി

കില അഗളി കേന്ദ്രത്തിലെ ജീവനക്കാർ അവതരിപ്പിച്ച ആദിവാസി നൃത്തം

കില ജീവനക്കാരെ ഡയറക്ടർ അഭിസംബോധന ചെയ്യുന്നു

ചോദ്യങ്ങൾക്കു മറുപടി

? മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കു സ്കോളർഷിപ്പും ബത്തയും നൽകുന്ന പതിവുണ്ട്. ഈ സ്കോളർഷിപ്പ് പന്ത്രണ്ടുമാസവും നൽകാമോ?

● മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കു സ്കോളർഷിപ്പും ബത്തയും എല്ലാമാസവും നൽകണം. പലപ്പോഴും ഗ്രാമപഞ്ചായത്തുകളിൽ മതിയായ ഫണ്ട് ലഭ്യമല്ലാത്തതു കാരണം ഇത്തരം കുട്ടികൾക്കു അർഹമായ മുഴുവൻ സ്കോളർഷിപ്പും ബത്തയും നൽകാറില്ലെന്ന പരാതിയുണ്ട്. ആയതിനാൽ മുടക്കം കൂടാതെ ഈ ധന സഹായം നൽകുന്നതിനു ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളും മതിയായ തുക മാറ്റിവയ്ക്കേണ്ടതാണ്. അപ്രകാരം അർഹമായ ബത്തയും സ്കോളർഷിപ്പും എല്ലാമാസവും കൃത്യമായി നൽകാൻ അതതു ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ശ്രദ്ധിക്കേണ്ടതാണ്. (സർക്കുലർ നമ്പർ ഡി.എ1/19/2019 തസ്വഭവ. തീയതി. 25.1.2019)

? പാടശേഖരങ്ങളിൽ പെട്ടിയും പറയും (പമ്പുസെറ്റ്) സ്ഥാപിക്കുന്നതിനു സഹായം നൽകാൻ നഗരസഭകൾക്കു കഴിയുമോ?

● പാടശേഖരങ്ങളിൽ പെട്ടിയും പറയും(പമ്പുസെറ്റ്) സ്ഥാപിക്കുന്നതിനു ബ്ലോക്ക് പഞ്ചായത്തിനെയാണ് അനുവദിച്ചിരിക്കുന്നത്. അതു നഗരസഭകൾക്കു കൂടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം ധനസഹായം അനുവദിക്കേണ്ടത്. (സ.ഉ.(സാധാ)166/2019/തസ്വഭവ. തീയതി. 25.1.2019)

? ലൈഫ്മിഷൻ പദ്ധതി പ്രകാരം ഭവനനിർമ്മാണ ധന സഹായം എത്ര ഗഡുക്കളായി നൽകണം?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു ഭവനനിർമ്മാണത്തിനു നാലുലക്ഷം രൂപയുടെ ധനസഹായം നൽകാം. അതു നാലു ഗഡുക്കളായാണ് നൽകേണ്ടത്. കരാർ വയ്ക്കുന്ന മുറയ്ക്കു പത്തുശതമാനം തുക (നാല്പതിനായിരം രൂപ) നൽകാം. ബേസ്മെന്റ് പൂർത്തിയാകുമ്പോൾ 40 ശതമാനം തുക (അതായത് 160,000/-രൂപ) നൽകാം. ലിന്റൽ ഘട്ടം പൂർത്തീകരിക്കുമ്പോൾ 25 ശതമാനം തുക (ഒരു ലക്ഷം) നൽകാം. ബാക്കി എല്ലാ പ്രവൃത്തികളും തീർന്നുകഴിയുമ്പോൾ 25 ശതമാനം തുക (ഒരു ലക്ഷം) നൽകാവുന്നതാണ്. (സ.ഉ.(സാധാ)3218/2018/തസ്വഭവ. 21.12.2018)

? അങ്കണവാടി വർക്കർക്കും ഹെൽപ്പർക്കും വേതനം നൽകാനുള്ള തുക തദ്ദേശസ്ഥാപനങ്ങൾ നൽകേണ്ടതുണ്ടോ?

സംസ്ഥാന ബജറ്റിൽ കിലയ്ക്കു 33 കോടി രൂപ

സംസ്ഥാന ബജറ്റിൽ കിലയ്ക്കു 33 കോടി രൂപ വകയിരുത്തി. അധികാരവികേന്ദ്രീകരണത്തിൽ ലോകപ്രശസ്തമായ മികവിന്റെ കേന്ദ്രമാണ് കിലയെന്നു 2019-20 ലെ ബജറ്റ്പ്രസംഗത്തിൽ ധനകാര്യമന്ത്രി ഡോ. തോമസ് ഐസക് പറഞ്ഞു. തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട മറ്റു പരിശീലനസംവിധാനങ്ങളെല്ലാം കിലയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഖര-ജല മാലിന്യസംസ്കരണത്തിൽ പ്രാദേശിക മാതൃകകൾ സൃഷ്ടിക്കുന്നതിനു പരിശീലനത്തിനും പരീക്ഷണത്തിനുമായി 2 കോടി രൂപ അധികമായി വകയിരുത്തി.

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

● അങ്കണവാടി വർക്കർക്കും ഹെൽപ്പർക്കും നൽകേണ്ട അധികവേതനം നൽകാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഈ തുക സാമൂഹ്യനീതിവകുപ്പിനു ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. മറ്റ് പ്രോജക്ടുകൾ ഭേദഗതി ചെയ്തോ സേവിംഗ്സ് ഉപയോഗിച്ചോ ഈ തുക കണ്ടെത്തേണ്ടതുമാണ്. (സ.ഉ. (സാധാ) 81/2019/തസ്വഭവ. 17.1.2019)

? ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ ചെയ്യാം?

● ഓരോ ഗ്രാമപഞ്ചായത്തും തയ്യാറാക്കുന്ന അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്കാണ് ഉപയോഗിക്കേണ്ടത്. അടിസ്ഥാനസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനു താഴെ പറയുന്ന കാര്യങ്ങൾക്കു ഉപയോഗിക്കാം. കുടിവെള്ള പ്രോജക്ടുകൾ, ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം, ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, റോഡുകൾ, നടപ്പാതകൾ, എന്നിവയുടെ നിർമ്മാണം, അവയുടെ അറ്റകുറ്റപ്പണികൾ, തെരുവുവിളക്കു സ്ഥാപിക്കൽ, അവയുടെ മെയിന്റനൻസ്, ശ്മശാനങ്ങൾ സ്ഥാപിക്കൽ അവയുടെ പരിപാലനം. അടിസ്ഥാന സേവനപദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിനൊപ്പം മറ്റു ഫണ്ടുകളും മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ചേർക്കാവുന്നതാണ്. (സ.ഉ.(കൈ)11/2018/തസ്വഭവ. തീയതി. 29.1.2018 ഖ.6.6)

? ആനുകൂല്യങ്ങൾ നൽകുമ്പോൾ സർക്കാർ ഉദ്യോഗസ്ഥരോ സർവീസ്പെൻഷൻകാരോ ഉള്ള കുടുംബത്തിലെ അംഗത്തിനു നൽകാൻ കഴിയുമോ?

● പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധന പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താവിന്റെ കുടുംബവാർഷിക വരുമാനമാണ് മാനദണ്ഡമാക്കേണ്ടത്. പൊതുവിഭാഗത്തിൽ രണ്ടുലക്ഷം രൂപവരേയും പട്ടികജാതി വിഭാഗത്തിൽ മൂന്നുലക്ഷം രൂപ വരേയും വാർഷിക കുടുംബ വരുമാനമുള്ളവർക്കു ആനുകൂല്യങ്ങൾ നൽകാം. പട്ടിക വർഗ്ഗ വിഭാഗത്തിനു വരുമാനപരിധി ബാധകമല്ല. ലൈഫ് പദ്ധതിയിൽ കുടുംബവാർഷികവരുമാനം മൂന്നുലക്ഷം രൂപവരേയാകാം. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ അഞ്ചുലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ളവർക്കു നൽകാം. ഉദ്യോഗസ്ഥരോ പെൻഷനറോ ഉണ്ടെന്നതു ബാധകമല്ല. അവരുടെ വരുമാനം കൂടി ചേർന്നതാണ് വാർഷികവരുമാനം.

? ബാലസഭാപ്രവർത്തനങ്ങൾക്കു ഫണ്ട് ചെലവഴിക്കേണ്ടത് എങ്ങനെയാണ്?

● ബാലസഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കണം. പഞ്ചായത്തുകളിൽ വാർഡ് ഒന്നിനു 1000/-രൂപയും പഞ്ചായത്ത്തല പ്രവർത്തനത്തിനു 40,000/-രൂപയും മുനിസിപ്പാലിറ്റികളിൽ വാർഡ് ഒന്നിനു 1500/-രൂപയും കോർപ്പറേഷനുകളിൽ 2500/-രൂപയും ബാലസഭാപ്രവർത്തനങ്ങൾക്കു നൽകണം. മുനിസിപ്പാലിറ്റി തലത്തിലുള്ള പ്രവർത്തനത്തിനു 50,000/-രൂപയും കോർപ്പറേഷൻ തലത്തിൽ 100,000/- രൂപയും അധികരിക്കാതെ ചെലവഴിക്കാവുന്നതാണ്. (സബ്സിഡി മാർഗ്ഗരേഖ സ.ഉ.22/2018 തസ്വഭവ.14.2.2018 പാര 7.6.17)

ഹരിതകേരളം മിഷൻ നടപ്പാക്കുന്ന മാലിന്യത്തിൽനിന്ന് സ്വാതന്ത്ര്യം-രണ്ടാംഘട്ട ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം ചൂർണിക്കര ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **എ.സി.മൊയ്തീൻ** നിർവഹിക്കുന്നു

മാലിന്യത്തിൽനിന്ന് സ്വാതന്ത്ര്യം:
രണ്ടാംഘട്ട ക്യാമ്പയിനു തുടക്കമായി

ഹരിതകേരളം മിഷൻ കിലയുമായി ചേർന്ന നടപ്പാക്കുന്ന മാലിന്യത്തിൽനിന്ന് സ്വാതന്ത്ര്യം-രണ്ടാംഘട്ട ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ നിർവഹിച്ചു. ഹരിതനിയമങ്ങൾ എന്ന കൈപ്പുസ്തകവും മന്ത്രി പ്രകാശനം ചെയ്തു. ശക്തമായ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും മാലിന്യസംസ്കരണത്തിൽ ഏറെ മുന്നോട്ടു പോകേണ്ടതുണ്ടെന്നു ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു. നിയമലംഘകർക്കെതിരെ തദ്ദേശസ്ഥാപനങ്ങൾക്കു നേരിട്ടും മറ്റ് ഏജൻസികളുടെ സഹായത്തോടെയും നടപടികൾ സ്വീകരിക്കാൻ കഴിയും. ഇത്തരം നിയമങ്ങളെക്കുറിച്ച് അവബോധം വളർത്തി ശാസ്ത്രീയവും സുരക്ഷിതവുമായ മാലിന്യസംസ്കരണം ശീലമാക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ വലിയ പങ്കു വഹിക്കണം. ഹരിതകേരളം മിഷൻ പുറത്തിറക്കുന്ന പുസ്തകം വിപുലമായ നിയമബോധവൽക്കരണ ക്യാമ്പയിനു തുടക്കം കുറിക്കുമെന്നും മന്ത്രി പറഞ്ഞു.

കേരള ലീഗൽ സർവീസ് അതോറിറ്റിയുടെ സഹകരണത്തോടെയാണ് ഹരിതനിയമാവലി ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ചൂർണിക്കര പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന പരിപാടിയിൽ അൻവർ സാദത്ത് എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.വി. മാലതി പുസ്തകം ഏറ്റുവാങ്ങി. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ. സീമ മുഖ്യപ്രഭാഷണം നടത്തി. കില ഡയറക്ടർ ജോയ് ഇളമൺ മുഖ്യാതിഥിയായിരുന്നു. ഹരിതകേരളം മിഷൻ ജില്ല കോർഡിനേറ്റർ സുജിത് കരുൺ, ചൂർണിക്കര പഞ്ചായത്ത് പ്രസിഡന്റ് എ.പി. ഉദയകുമാർ, പഞ്ചായത്ത് സെക്രട്ടറി എ. വി.ഷാജി എന്നിവർ സംസാരിച്ചു.

കൊട്ടാരക്കര കില ഇ.ടി.സിയിൽ പുതുതായി നിയമനം ലഭിച്ച വി.ഇ.ഒമാരുടെ ഇൻസർവീസ് പരിശീലനപരിപാടി കൊല്ലം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സി.രാധാമണി ഉദ്ഘാടനം ചെയ്യുന്നു

സമഗ്രവികസനത്തിനു ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒരുമിച്ചു പ്രവർത്തിക്കണം

ഗ്രാമീണജനതയുടെ സമഗ്രവികസനത്തിനു ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒരുമിച്ചു പ്രവർത്തിക്കണമെന്ന് കൊല്ലം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സി.രാധാമണി. കൊട്ടാരക്കര കില ഇ.ടി.സിയിൽ പുതുതായി നിയമനം ലഭിച്ച വി.ഇ.ഒ മാരുടെ ഇൻസർവീസ് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ലൈഫ്, പ്രധാനമന്ത്രി ആവാസ് യോജന എന്നീ സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ ഭവന പദ്ധതി മികച്ച നിലയിൽ നിർവഹണം നടത്താൻ വി.ഇ.ഒ മാർക്കു കഴിയണം. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവഹണ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാൻ കഴിയണം. പാവപ്പെട്ടവർക്കായി സർക്കാർ നടത്തുന്ന എല്ലാ പദ്ധതികളും ജനങ്ങളിലെത്തിക്കേണ്ട ചുമതല വി.ഇ.ഒ മാർക്കാണ്. കില ഇ.ടി.സി പ്രിൻസിപ്പൽ ജി. കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിച്ചു. ഫാക്കൽറ്റി അംഗങ്ങളായ എസ്. രമേശൻ നായർ, ജി. മുരളീധരൻ പിള്ള, വി.പി.റഷീദ് എന്നിവർ സംസാരിച്ചു.

അട്ടപ്പാടി ആദിവാസി വിദ്യാർത്ഥികളുടെ പഠനനിലവാരവും സമഗ്രവികസനവും ഉയർത്താനുള്ള കിലയുടെ മുന്നോട്ട് എന്ന പരിപാടി തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **എ.സി.മൊയ്തീൻ** ഉദ്ഘാടനം ചെയ്യുന്നു

ആദിവാസി വിദ്യാർത്ഥികളുടെ സമഗ്രവികസനം: കിലയുടെ മുന്നോട്ട് പരിപാടിക്കു തുടക്കമായി

അട്ടപ്പാടി ആദിവാസി വിദ്യാർത്ഥികളുടെ പഠനനിലവാരവും സമഗ്രവികസനവും ഉയർത്താനുള്ള കിലയുടെ മുന്നോട്ട് എന്ന പരിപാടി തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. അഗളിയിലെ കില പട്ടികവർഗ്ഗ വികസന പ്രകൃതി വിഭവപരിപാലന കേന്ദ്രത്തിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ എം.ബി. രാജേഷ് എം.പി. അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികിഷോർ, ഒറ്റപ്പാലം സബ് കലക്ടർ ജെറോമിക് ജോർജ്, അഗളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈശ്വരി രേശൻ, അഗളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീലക്ഷ്മി ശ്രീകുമാർ എന്നിവർ സംസാരിച്ചു.

കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ മേഖലകളിൽ അവർക്കു അവസരം ഒരുക്കുക, അവരുടെ കഴിവുകൾ വളർത്തുക, പൊതുവിജ്ഞാനം ഉയർത്തുക, തൊഴിൽ മേഖലകളിൽ തിളങ്ങുന്നതിനു അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് മുന്നോട്ട് എന്ന വിദ്യാഭ്യാസപരിപാടി ആവിഷ്ക്കരിച്ചിട്ടുള്ളത്. 2018-19 സാമ്പത്തികവർഷത്തിൽ 120 വിദ്യാർത്ഥികൾ പരിപടിയിൽ പങ്കെടുക്കും. ഇതിനായി പ്രത്യേക പാഠ്യപദ്ധതിയും പരിശീലനം സിദ്ധിച്ച ടീമിനേയും ഒരുക്കിയിട്ടുണ്ട്. അഗളിയിലെ കില പട്ടികവർഗ്ഗ വികസന പ്രകൃതി വിഭവപരിപാലന കേന്ദ്രത്തിനാണ് പരിപാടിയുടെ ഏകോപന ചുമതല. വിവിധ സർക്കാർ വകുപ്പുകളുടെ സഹായസഹകരണവും ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സാങ്കേതികസഹായം, റിസോഴ്സ് ടീമിന്റെ പരിശീലനം അവരുടെ ഏകോപനം എന്നിവ കാർസൽ എന്ന സന്നദ്ധസംഘടനയുടെ സഹകരണത്തോടെയാണ് നടപ്പാക്കുക.

കില, പാലക്കാട് ജില്ലാഭരണകൂടം, ഐ.ടി.ഡി.പി, മറ്റ് വിദ്യാഭ്യാസ-സാമൂഹ്യസന്നദ്ധ സംഘടനകൾ എന്നിവയുടെ സംയുക്ത സംരംഭമായി ആരംഭിച്ച ഷൈൻ പരിപാടി അഞ്ചാംക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു. മത്സരപരീക്ഷകളിൽ ലക്ഷ്യം കാണാത്തവരെ സഹായിക്കുക എന്നതും മുന്നോട്ട് പദ്ധതിയുടെ ഭാഗമാണ്. പ്രോജക്ട് ഷൈന്റെ കഴിഞ്ഞ രണ്ടു ബാച്ചുകളിൽ പരിശീലനം പൂർത്തിയായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിക്കുന്ന മുന്നോട്ട് പരിപാടി പന്ത്രണ്ടാം ക്ലാസ്സ് പൂർത്തിയാകുന്നതുവരെ തുടരും.

നീലഗിരി ജൈവസംരക്ഷണമേഖലയുടെ ഭാഗമായ 746 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള അട്ടപ്പാടി ബ്ലോക്കിൽപെട്ട മൂന്നു പഞ്ചായത്തുകളിലെ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസപുരോഗതിക്കാണ് ഈ സമഗ്ര പദ്ധതി രൂപീകരിച്ചിട്ടുള്ളത്. അഗളി, പുതൂർ, ഷോളയൂർ ഗ്രാമപഞ്ചായത്തുകളിലെ 192 ഊരുകളിലെ ഇരുള, മുഡുഗ, കുറുമ്പ വിഭാഗത്തിൽ പെട്ടവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക.

പുതിയ നഗരസഭകളുടെ സമഗ്രവികസനം: കിലയിൽ ഏകദിന ശില്പശാല

സംസ്ഥാനത്ത് 2015 ൽ രൂപീകരിച്ച 29 നഗരസഭകളുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനു സർക്കാർ നിർദ്ദേശപ്രകാരം കിലയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി. ശില്പശാലയുടെ ലക്ഷ്യങ്ങളെക്കുറിച്ച് ഡോ.സണ്ണി ജോർജ് സംസാരിച്ചു. പുതിയ നഗരസഭകളെക്കുറിച്ച് അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ പൊതു അവലോകനം നടത്തി. അസോസിയേറ്റ് പ്രൊഫ. ഡോ. പീറ്റർ എം.രാജ്, തൃശ്ശൂർ ജില്ല ആസൂത്രണസമിതി അംഗം ഡോ. എം.എൻ. സുധാകരൻ, എം.രേണുകുമാർ, ട്രെയിനിംഗ് അസോസിയേറ്റ് പ്രതാപ്സിംഗ് എന്നിവർ സംസാരിച്ചു. നഗരസഭകളിലെ മാനവ വിഭവശേഷിസൗകര്യങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യകളുടെ ഉപയോഗം, ഘടകസ്ഥാപനങ്ങളുടെ മാനേജ്മെന്റ്, ധനപരിപാലനം, ആസൂത്രണ-ജനകീയസമിതുകളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള ഹ്രസ്വകാല-ദീർഘകാല പരിപാടികളും ചർച്ച ചെയ്തു തീരുമാനിക്കുകയാണ് ശില്പശാലയുടെ ലക്ഷ്യം. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ നഗരസഭകളുടെ വിവിധ പ്രശ്നങ്ങൾ ശാസ്ത്രീയമായി പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് കിലയുടെ നേതൃത്വത്തിൽ തയ്യാറാക്കി സർക്കാരിനു സമർപ്പിക്കും. 28 നഗരസഭകളിൽനിന്നുള്ള അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർ പങ്കെടുത്തു.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**